നിയമിച്ചിട്ടുണ്ട്. കേരളത്തിന്റെ സാക്ഷികളായി ഓരോ വിഷയത്തിലും പ്രഗത്ഭരായ താഴെപ്പറയുന്ന വിദഗ്ധരെ നിയമിച്ചിട്ടുണ്ട്.

	പേര്	വിഷയം
1.	ഡോ. ആർ. ഗോപാലകൃഷ്ണൻ, റിട്ട. ഡയറക്ടർ (റിസർച്ച്), കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി	കൃഷി
2.	ശ്രീ. ദാമോദരൻ നായനാർ, റിട്ട. ചീഫ് എൻജിനീയർ, കെ.എസ്.ഇ.ബി	വൈദ്യുതി
3.	ശ്രീ. ബാലകൃഷ്ണൻ നായർ, റിട്ട. ചീഫ് എൻജിനീയർ, കെ.എസ്.ഇ.ബി	വൈദ്യുതി
4.	ഡോ. ഇ. ജെ. ജെയിംസ്, ഹെഡ്, സർഫസ്വാട്ടർ ഡിവിഷൻ, സി. ഡബ്ല്യൂ. ആർ. ഡി.എം കോഴിക്കോട്	ജലപദ്ധതികളുടെ പ്രായോഗികത

ഡോ. ഗോപാലകൃഷ്ണന്റെ ക്രോസ് വിസ്താരം നടന്നുവരുകയാണ്. ട്രൈബ്യൂണൽ മുൻപാകെ കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഈ ഡാമുകളിൽനിന്നും നെയ്യാർ ഡാമിൽനിന്നും മാത്രമാണ് തമിഴ്നാട്ടിന് ജലം നല്കുന്നത്. മൂലത്തറ റഗുലേറ്ററിലെ ജലം പങ്കുവയ്ക്കുന്നില്ല. കേരള സംസ്ഥാന പുനഃസംഘടനയ്ക്ക് മുൻപ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതനുസരിച്ചാണ് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയ്ക്ക് നെയ്യാർ ഡാമിൽനിന്ന് ജലം നൽകിവരുന്നത്. ഇതിന് തമിഴ്നാടുമായി കരാറുകളൊന്നുമുണ്ടാക്കിയിട്ടില്ല.

(ഡി) അതെ.

മുല്ലപ്പെരിയാർ പാട്ടക്കരാർ

59 (T 993) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ കേസിലെ സംസ്ഥാനത്തിന്റെ സത്യവാങ്മൂലത്തിൽ 1886-ലെ പെരിയാർ പാട്ടക്കരാർ ദീർഘകാലത്തേക്കുള്ളതാണെന്നും, കരാറിനെ സംബന്ധിച്ച് കക്ഷികൾക്ക് തർക്കമുണ്ടായാൽ കരാർ വ്യവസ്ഥ പ്രകാരം ആർബിട്രേഷൻ തീരുമാനമാണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ടോ ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1970-ലെ പെരിയാർ ഭേദഗതിക്കരാർ വ്യവസ്ഥ പ്രകാരം പാട്ടത്തുകയുടെ നിരക്ക് 29-5-2000-ത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് തമിഴ്നാടിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ തമിഴ്നാട്ടിൽ നിന്നുള്ള മറുപടി വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 1886-ലെ പെരിയാർ പാട്ടക്കരാറിനെ സംബന്ധിച്ച് കക്ഷികൾക്ക് തർക്കമുണ്ടായാൽ ആർബിട്രേഷന് വിടുന്നതിന് വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ പ്രകാരമുള്ള പരിഹാരം തേടാതെയാണ് കേസ് സുപ്രീംകോടതിയിലെത്തിച്ചതെന്നും സുപ്രീംകോടതിയടക്കം ഒരു കോടതിയുടേയും അധികാരപരിധിയിൽ ഈ കേസ് വരുന്നില്ലെന്നും വ്യക്തമാക്കിയിരുന്നു.

(ബി-ഡി) ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള 1886-ലെ മൂലക്കരാറും 1970-ലെ അനുബന്ധക്കരാറും കേരള താല്പര്യത്തിന് ഗുണകരമല്ലാത്ത പശ്ചാത്തലത്തിൽ അതിന്റെ സാധുതയടക്കം നിയമപരിശോധന നടത്തുന്ന കാര്യം സജീവമായി സർക്കാർ പരിഗണിച്ചുവരികയാണ്. ആയതിനാൽ പാട്ടത്തുകയടക്കമുള്ള കാര്യങ്ങളിൽ പുതിയ കരാറിൽ ഏർപ്പെടുന്നത് കൂടുതൽ വിചിന്തനങ്ങൾക്കുശേഷം മാത്രമേ സാധ്യമാവുകയുള്ളൂ.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉടമസ്ഥാവകാശം

60 (994) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1886-ലെ പെരിയാർ പാട്ടക്കരാറിന് തിരുവിതാംകൂർ നാട്ടുരാജാവും ഇൻഡ്യൻ യൂണിയൻ ഗവൺമെന്റും നിശ്ചയ കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിശ്ചയ കരാറിലെ വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

(ബി) തിരുവിതാംകൂർ നാട്ടുരാജ്യാതിർത്തിക്കുള്ളിൽ 1886-ലെ കരാർ പ്രകാരം ബ്രിട്ടീഷ് ഗവൺമെന്റ് നിർമ്മിച്ച മുല്ലപ്പെരിയാർ ഡാം, കരാർ റദ്ദാക്കി ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയതുകൊണ്ട്, തിരുവിതാംകൂറിന്റെ സ്വന്തമായ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഉടമസ്ഥാവകാശം തമിഴ്നാടിന് വിട്ടുകൊടുക്കാൻ ഭരണഘടനയിലോ, മറ്റേതിന്റെയെങ്കിലും നിയമത്തിലോ ഗവർണ്ണർക്ക് അധികാരം നല്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(സി) 1947-ൽ റദ്ദാക്കപ്പെട്ട കരാറിന് നിശ്ചയ കരാറിന്റെ സൂചന ഇല്ലാതെ 1970-ൽ ഭേദഗതിക്കരാറുണ്ടാക്കിയതും, തമിഴ്നാടിനേയും കേരളത്തേയും മുൻകരാറിന്റെ അവകാശികളായി തീരുമാനിച്ചതും നിയമപരമായി ശരിയായ നടപടിയാണോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly